## അധ്യായം ഇരുപത്തിരണ്ട്

# ജന്മപാപങ്ങൾ

മുറിക്കുള്ളിലെ ബെൽ മുഴങ്ങി.

ആന്റണി കതക് തുറന്നു.

അലിയെ കണ്ടയുടനെ കെട്ടിപ്പിടിച്ച് ആശ്ലേഷിച്ചു. അവർ അകത്തു കയറിയിരുന്നു. പള്ളിയിലെ പുതയ ഇമാം ആയതിനു ശേഷം ആദ്യത്തെ വരവാണ്. ഇന്നുവരെ അവരുടെ സുഹൃദ്ബന്ധത്തിനു യാതൊരു കോട്ടവുമുണ്ടായിട്ടില്ല. ആന്റണിക്കെതിരെ പറയുകയും പ്രവർത്തിക്കയും ചെയ്തിട്ടുള്ള അപരാധങ്ങൾക്ക് ഒരു പശ്ചാത്താപവും തോന്നിയിട്ടില്ല. നാക്കുള്ളത് വാക്കുകൾ പുറത്തുവിടാനാണ്. അതു ചിലപ്പോൾ തീ കത്തിക്കും അണയ്ക്കും വിളംബരം ചെയ്യും, വിധി നിർണയിക്കും. ആന്റണി അതിലൊന്നും ആശങ്കയോ പരാതിയോ പ്രകടിപ്പിച്ചില്ല.

അവർ സുഖവിശേഷങ്ങൾ കൈമാറി.

അലിവന്നത് മകൻ അബുവിനെതിരെ പരാതി പറയാനാണ്.

"എന്റെ ജീവിതത്തിൽ എനിക്കൊരു ശത്രുവേ ഉള്ളൂ. എന്റെ മകൻ."

ആ ശബ്ദത്തിനു കനവും ക്ഷോഭവും കൂടിവന്നു.

"അവൻ പ്രത്യക്ഷനായി എന്നോട് യുദ്ധത്തിനു ഇറങ്ങിയിരിക്കുന്നു. എന്റെ കുടക്കീഴിൽ അണിനിരക്കാൻ ഇന്ന് ധാരാളം പേരുണ്ട്. അതിൽ കുരയ്ക്കുന്ന, കടിക്കുന്ന പട്ടി മാത്രമല്ല പേപ്പട്ടിയുമുണ്ട്. ലക്ഷ്യമില്ലാതെയുള്ള അവന്റെ എടുത്തുചാട്ടം അവനറിയാത്ത ഫലമായിരിക്കും കൊടുക്കുക. ഇപ്പോഴുള്ളത് ഒരു യൗവന ചാപല്യമായിട്ടേ ഞാൻ കാണുന്നുള്ളൂ."

മേരി അവർക്ക് ചായ കൊണ്ടുവന്നുകൊടുത്തിട്ട് അലിയോട് സംസാരിച്ചു. എന്നിട്ട് മടങ്ങിപ്പോയി.

"അമ്മയ്ക്കും മോനും എന്നെ ശിക്ഷിക്കാനാണ് ഭാവമെങ്കിൽ അവർക്ക് രക്ഷ ലഭിക്കില്ല. മുതലും പലിശയും ചേർത്തുള്ള ശിക്ഷ ഞാൻ കൊടുക്കും. ആന്റണിച്ചായനെ എനിക്ക് മറക്കാനോ ധിക്കരിക്കാനോ കഴിയില്ല. എനിക്കെന്നും നിങ്ങൾ ഒരു കൂടപ്പിറപ്പായിരുന്നു."

ആന്റണി ചോദിച്ചു:

"നീ ബാപ്പയായി ജീവിച്ചിരുന്നിട്ടും ആ തള്ളയ്ക്കും മോനും ഒരു കൂടപ്പിറപ്പായി ഞങ്ങളല്ലേയുള്ളൂ."

അലി അതിനുത്തരം പറയാതെ പറഞ്ഞു:

"അയിഷയോട് നേരിൽചെന്നു പറഞ്ഞതാണ് മകനെ നിലയ്ക്കു നിർത്താൻ. അവൻ എന്നെ പിന്തുടർന്ന് അപമാനിക്കുന്നതുകണ്ട് അവളും സന്തോഷിക്കുന്നു. അമ്മയും മകനും പ്രതിജ്ഞയെടുത്തിരിക്കുന്നത് എന്നെ കുറ്റവിചാരാണ നടത്തി തുറുങ്കിൽ അടയ്ക്കണമെന്നാണ്. എന്റെ മറ്റുള്ള കുട്ടികളിലും ഇവൻ വിഷം കുത്തി നിറയ്ക്കുന്നു. അതിലൊരുത്തൻ ഇവനെപ്പോലെ ധിക്കാരം സംസാരിച്ചു തുടങ്ങി. എന്റെ പാദപൂജ ചെയ്തവൾ ജീവിച്ചിരുന്നെങ്കിൽ ഞാനവളെ പൂർണമായി ഇപേക്ഷിക്കില്ലായിരുന്നു. അവൾ എന്നെ അനുസരിക്കാൻ തയാറായില്ല. ഞാനവൾ പറയുന്നത് അനുസരിക്കണം. അവൾക്ക് എന്നെ മനസിലാക്കാൻ കഴിഞ്ഞില്ല. എന്റെ ഇഷ്ടങ്ങളും ലക്ഷ്യങ്ങളും പൂർത്തികരിക്കണം. അതിനാര് തടസം നിൽക്കുന്നതും എനിക്കിഷ്ടമല്ല."

ചായ കുടിച്ചുകൊണ്ടിരിക്കെ ആന്റണി ഇടയ്ക്ക് വച്ച് അലിയുടെ വാക്കുകൾക്ക് വിലങ്ങിട്ടു.

"തുടക്കം മുതലേ നിങ്ങളുടെ ജീവിതം ചിതറി. കണ്ണാടിഗ്ലാസ് ഉടഞ്ഞാൽ കൂട്ടിചേർക്കാനാവില്ല. മനുഷ്യർക്കുണ്ടാകുന്ന അനുഭവങ്ങളും കുറെ അതുപോലെയാണ്. നീ വിവാഹം കഴിക്കുമ്പോൾ രണ്ടുകുട്ടികളും ഭാര്യയുമുള്ള കാര്യം മറച്ചുവച്ചു. അതും ഇവിടെ വരുമ്പോഴാണറിയുന്നത്. എത്രയോ പ്രാവശ്യമാണ് ആ തള്ളയേയും കുട്ടിയേയും നീ ഉപദ്രവിച്ചിട്ടുള്ളത്? കതകിനു കുറ്റിയിട്ട് നീ അവളെ ഉപദ്രവിച്ചപ്പോൾ ആ കുട്ടി എത്രയോ പ്രാവശ്യം കതകിൽമുട്ടി എന്റെ ഉമ്മയെ അടിക്കല്ലേയെന്നു വാവിട്ടുകരഞ്ഞു. ആ സ്ത്രീ നിന്നിൽനിന്നു രക്ഷപ്പെടാൻ കതകുതു

റന്ന് പുറത്തേക്ക് ഓടുമ്പോൾ പിറകെ ചെന്ന് മുടിക്കെട്ടിൽ പിടിച്ചു വീണ്ടും തല്ലും. നിങ്ങളുടെ യിടയിൽ കരയുകയും തല്ലുകൊള്ളുകയും ചെയ്ത ആ ബാലനെ നീ ഓർക്കുന്നുണ്ടോ? അവൻ നിന്റെ കൈയിൽ കടിച്ച പാട് ഇപ്പോഴും കാണുമല്ലോ. ഒന്നു നോക്ക്. നിന്നെ അർധരാത്രിയിൽ ആശുപത്രിയിൽ കൊണ്ടുപോയത് ഞാനും മറന്നിട്ടില്ല. ബാപ്പയെ ബഹുമാനിക്കണമെന്നു ഞാനും പറഞ്ഞിട്ടുണ്ട്. അവൻ കരഞ്ഞുകൊണ്ട് ഓരോ സംഭവങ്ങളും അയവിറക്കുമ്പോൾ ഞാൻ നിന്റെ ഭാഗത്തു നിൽക്കണോ അതോ അവന്റെ ഭാഗത്തു നിൽക്കണോ? അവസാനമായി അവൻ എന്നെ താക്കീതുചെയ്തു- ബാപ്പയുടെ കാര്യം മേലിൽ എന്നോട് പറയരുത്. രണ്ടു കൂട്ടരോടും എനിക്കൊന്നേ പറയാനുള്ളൂ. പകയും വൈരാഗ്യവും ഉപേക്ഷിക്കുക. പണ്ടത്തെ നിന്റെ പത്തു വയസുകാരനല്ല അവൻ. വയസ് ഇരുപത്തെട്ടായി. വളർന്നു വലുതായി. ഇന്നവൻ നിന്നോട് പ്രതികാരവുമായി നടക്കുന്നു. ആരായാലും സത്യത്തിന്റെ മുഖം ഇന്നല്ലെങ്കിൽ നാളെ വെളിവാകും. ഇന്നുവരെ നീ ജീവിച്ചത് നിന്റെ സുഖത്തിനും സംതൃപ്തിക്കും വേണ്ടി മാത്രമാണ്. നിനക്കുമീതേ ഒരു പരുന്തും പറക്കില്ലെന്നു നീ വിശ്വസിച്ചു. അതിനെ തകിടം മറിച്ചുകൊണ്ട് നിന്റെ മകൻ കഴുകനെപ്പോലെ പറക്കുന്നു. ഒരുഭാഗത്ത് സൃഷ്ടികർത്താവ്. മറുഭാഗത്ത് സംഹാരപുത്രൻ. ഞാൻ മനസിലാക്കിയിടത്തോളം അവൻ ആരുടെ ഭീഷണിക്കോ പ്രലോപനങ്ങൾക്കോ വഴങ്ങുന്നവനല്ല. നീ അയിഷയോടു മാത്രമല്ല അന്യായം ചെയ്തിട്ടുള്ളത്. ഈ രാജ്യത്തോടും ചെയ്തിട്ടില്ലേ? ഒരു പക്ഷേ അതൊക്കെ നിന്റെ വിഷയങ്ങളാണ്. ആ വിഷയങ്ങൾതന്നെ നിന്റെ മകൻ കുത്തിപൊക്കുന്നു. നിന്റെ ആഗ്രഹപ്രകാരം നീ പലരെയും ഇവിടെ നട്ടുവളർത്തി. അതിനിടയിൽ ഒരു കളയായി നിന്റെ മകനും വളർന്നു. സത്യത്തെ മിഥ്യയുടെ പാതയിൽ നടത്തുന്നവർക്ക് എങ്ങനെ നീതി ലഭിക്കും!! അവസാനമായി എന്റെ മുന്നിൽ തെളിയുന്ന ഒരു വഴി ഞാൻ പറയാം.”

അലി ആ മഖത്തേക്ക് സൂക്ഷിച്ചുനോക്കി.

“അലി ഹാജി മാപ്പുപറയണം.”

ആ ശബ്ദം അലിയുടെ മനസിനെ പിടിച്ചുലച്ചു. ആ ഹമുക്കിനോട് ഞാൻ മാപ്പുപറയാനോ? ആ മുഖം ഒരു ഭീകര ജീവിയുടേതായി മാറി. പെട്ടെന്ന് എഴുന്നേറ്റിട്ട് പറഞ്ഞു:

“അവനെ ഞാൻ ജീവനോട് വയ്ക്കില്ല.”

ക്രൂരഭാവത്തോടെ അലി പുറത്തേക്കിറങ്ങി.

ആന്റണി എഴുന്നേറ്റ് പുറകെ ചെന്നു. ഒരു താക്കീതുപോലെ പറഞ്ഞു:

“നില്ക്കവിടെ, നീ ജീവനോടിരിക്കുമോ?”

വികാരക്ഷോഭത്തോടെ അലി കാറോടിച്ചുപോയി.

ആന്റണി വിഷണ്ണനായി അലി പോയതും നോക്കി നിന്നു. ഏതൊരു ബന്ധത്തെയും അറിയേണ്ടത് വിവേകത്തിലൂടെയാകണം. അറിഞ്ഞിട്ടും അറിയാതെയിരിക്കുന്ന ബിംബ ബന്ധങ്ങൾ. പൂർവപിതാക്കന്മാർ കാട് വെട്ടിത്തെളിച്ചും വന്യമൃഗങ്ങളോട് പോരാടിയത് വിയർപ്പൊഴുക്കി വിത്തുകൾ പാകി ഫലങ്ങളെ കൊയ്തെടുത്ത് മക്കളെ തീറ്റിപോറ്റി വളർത്തി ബന്ധങ്ങളെ സ്നേഹിച്ചു ബഹുമാനിച്ചു ജീവിച്ചു. അവരുടെ തലമുറകൾ അവർ വെട്ടിത്തെളിയിക്കാനെത്തിയ കാട്ടിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്നു. അന്വേഷണമില്ല, സ്നേഹമില്ല-എന്താണുള്ളത്?

കാടുകളെ വെട്ടിമാറ്റിയതിന് കാട് തലമുറകളോട് പകരം വീട്ടുകയാണോ? കാട്ടിലെ മൃഗങ്ങൾ മനുഷ്യരെക്കാൾ സ്നേഹമുള്ളവരോ? ഐക്യബലം ഉള്ളവരോ? വന്യമൃഗങ്ങളെ പേടിക്കുന്നതുപോലെ മനുഷ്യന് മനുഷ്യരെ ഭയമായിരിക്കുന്നു. പരസ്പരം കാണുമ്പോൾ ചിരിക്കുന്നു. സന്തോഷം പങ്കുവയ്ക്കുന്നു. എപ്പോഴാണ് ആക്രമിക്കുന്നതെന്നു പറയാനാകില്ല. ഉള്ളിൽ പകയും അസൂയയും പരദൂഷണവും ചുമന്നുകൊണ്ട് നടക്കുന്നു. മനുഷ്യർ മരണംവരെ ചുമക്കുന്ന ഭാരങ്ങൾ. മുൻകോപക്കാരും ദുർമോഹികളും എപ്പോഴും തിന്മയുടെ ഭാഗത്താണ്. നന്മയെ തിരിച്ചറിയുന്നില്ല. ആത്മാർഥ മനുഷ്യന്റെ സദുപദേശത്തെ ദുരുദ്ദേശത്തോടെ കാണുന്നു. സ്വന്തം മകനോട് കാട്ടിയ അന്യായങ്ങൾക്ക് പിതാവ് മാപ്പുചോദിച്ചാൽ തീരുന്ന പ്രശ്നമേയുള്ളൂ. ദുരഭിമാനം അതിനനുവദിക്കുന്നില്ല. കുറ്റം ചെയ്തവർ മാപ്പു ചോദിക്കുന്നതിൽ എന്താണ് തെറ്റ്. കുറ്റം ചെയ്തവർ ശിക്ഷ അനുഭവിക്കുന്നില്ലേ?

അല്പജ്ഞാനികൾക്കും ആത്മാഭിമാനമാണ് വലുത്. ലജ്ജയും നിന്ദയും അവരെ ഭരിക്കുന്നു. അലിയോട് നീരസമാണ് തോന്നിയത്. ക്ഷമിക്കാനും സഹിക്കാനും മനസില്ലാത്തവൻ ജനങ്ങളെ

നേർവഴിയിൽ നടക്കാൻ ഉപദേശിക്കുന്നു. ഇപ്പോൾ ഇമാം പദവിയിലല്ലേ. ജ്ഞാനികളിൽ ജ്ഞാനിയായിട്ടാണ് എല്ലാം ചെയ്യുന്നത്. അറിവുണ്ടാകാൻ വേദങ്ങളും ഉപനിഷത്തുകളും മാത്രം പഠിച്ചാൽ പോര. മറ്റുള്ളവയെ തിരിച്ചറിയാനുള്ള കഴിവുണ്ടാകണം. ഇവരെപ്പോലുള്ളവർ ജനങ്ങളെ ഉപദേശിച്ചാൽ അവരൊക്കെ പെരുവഴിയിലാകുകതന്നെ ചെയ്യും. വേദ വിശുദ്ധ പുസ്തകങ്ങളെ സ്വന്തം സുഖത്തിനായി ഔഷധമാക്കിയാൽ അതിന് നല്ല ഫലങ്ങളെ ലഭിക്കില്ല.

മനുഷ്യരിൽ നന്മയോ സ്നേഹമോ മുളക്കില്ല. ഇവനൊക്കെ ശുഭ്ര വസ്ത്രമണിഞ്ഞ് സ്നേഹവും ശാന്തിയും അലങ്കാരമാക്കി മുക്തിമോഷത്തെപ്പറ്റി പ്രസംഗിക്കാൻ എങ്ങനെ കഴിയുന്നു? സ്വന്തം ജോലി ഉപേക്ഷിച്ചിട്ടാണ് ഇമാമിന്റെ പദവി സ്വീകരിച്ചത്. വിയർപ്പൊഴുക്കി പണിചെയ്യാൻ തയാറല്ല. ഈ പദവികളിൽ ഇരിക്കുന്നവർക്ക് അധരംകൊണ്ടുള്ള അധ്വാനംമതി. സമൂഹത്തിൽ അധികാരവും പണവും പ്രശസ്തിയും ലഭിക്കുന്ന ഓരോരോ പദവികൾ. അധ്വാനമെന്തെന്നറിയാത്ത ഒരു വർഗം വളരുന്നു. അവർക്കായി പാവം കഴുതകൾ രക്തം ചിന്തുന്നു. മണ്ണിലെ അത്യാഗ്രഹികൾ!

ഹൃദയാന്തരങ്ങളിൽ അലിയുടെ പൂർവസ്മരണകൾ അയവിറക്കി നിൽക്കേ മേരി വന്നു. അവൾക്ക് അലിയോട് മനസുകൊണ്ട് വല്ലാത്ത വെറുപ്പാണ്. കാമവും മോഹവുമായി നടക്കുന്ന ഈ മനുഷ്യനെ ഇന്നും ആന്റണി കാണുന്നത് ഒരു കൂടപ്പിറപ്പായിട്ടാണ്.

മേരി ചോദിച്ചു:

"ആരെ കൊല്ലുന്ന കാര്യം പറഞ്ഞിട്ടാണ് അയാൾ പോയത്."

വിഷണ്ണനായി ആ മുഖത്തേക്കു നോക്കി പറഞ്ഞു:

" അവന്റെ മോൻ അബുവിനെതന്നെ."

പെട്ടെന്നു മേരി ചോദിച്ചു:

"അവനെ കൊന്നാൽ വല്ല മോക്ഷപ്രാപ്തി ലഭിക്കുമോ? ഇയാടെ അപ്പൻ ധാരാളം മൃഗങ്ങളെ കൊന്നിട്ടുള്ള ആളല്ലേ. മോനും കൊല്ലാനും തിന്നാനും മിടുക്ക് കാണും. അതെന്തായാലും നല്ലൊരു മോഹമാണ്. തള്ളികളയാൻ പാടില്ല."

"അതിന് ഇവിടെ നരബലിയോ മൃഗബലിയോ ഇല്ലല്ലോ".

"ഇന്ത്യയിൽ കുട്ടികളെ നരബലി നടത്തുന്ന വിഡ്ഢികളുണ്ട്. പാവം മാതാപിതാക്കളെ പമ്പര വിഡ്ഢികളാക്കുന്ന പൂജാരികൾ. ആ കാഴ്ചകണ്ട് വാനംപാടികൾ കരയുന്നു. പ്രകൃതി പശ്ചാത്തപിക്കുന്നു. മനുഷ്യന്റെ പ്രാണന് ഒരു പ്രാണിയുടെ വില കല്പിക്കാത്തവർ".

ആന്റണിച്ചായൻ അയാളോട് പറയേണ്ടത്- "മക്കയിൽ ധാരാളം ആടുകളെ ബലി കൊടുക്കാറുണ്ടല്ലോ. അബുവിനു പകരം അവിടെ ഒരാടിനെ കൊടുത്താൽമതി. ആ ബലിയാകുമ്പോൾ കുറേക്കൂടി പുണ്യംകിട്ടും. അതുമല്ല മഹാഗുരു ഒരാളെ കൊന്നിട്ട് ജയിലിൽ പോയാൽ അനുയായികളെ ആരാണ് നയിക്കുക. ഇയാൾ എത്രയോ പ്രാവശ്യം മക്കയിൽ പോയിട്ട് വന്നു. എന്നിട്ടും മനസ് നന്നാകാത്തത് എന്താണ്? ഇത്ര വാത്സല്യം നിറഞ്ഞ ഒരു പിതാവിനെ ആർക്കും കൊടുക്കരുതെന്നാണ് എന്റെ പ്രാർഥന".

അവൾ പറഞ്ഞതിനൊന്നും ആന്റണി മറുപടി പറഞ്ഞില്ല. ആന്റണി ചിന്താമൂകനായി. ഒരു സഹോദരനുതുല്യം ഞാൻ അലിയെ സ്നേഹിച്ചു. അതിനപ്പുറം അവൻ ഏതു മതക്കാരൻ എന്നോ ഏതു രാജ്യക്കാരനെന്നോ നോക്കിയില്ല. ഏത് ബന്ധങ്ങളുടെയും അടിത്തറ സ്നേഹമാണ്. സ്നേഹമില്ലാതെ എന്തും നേടാമെന്നു വിശ്വസിക്കുന്നു. ഇപ്പോൾ ഭാര്യയും പരിഹാസ ശബ്ദത്തിൽ സംസാരിക്കുമ്പോൾ കുറ്റബോധം തോന്നുന്നു.

എന്നാലും അലിയെ ഒരു കുറ്റവാളിയായി മുദ്രകുത്താൻ എനിക്കാവില്ല. ഞങ്ങൾ രണ്ടുപേരും സഞ്ചരിച്ച വഴികൾ വിവിധങ്ങളാണ്. ഞാനിന്നും ജോലി ചെയ്യുന്നു. എന്നെക്കാൾ നല്ലൊരു പദവി അവൻ സ്വീകരിച്ചു. അവനെ അന്ധനാക്കുന്നത് അവനിലെ മോഹങ്ങൾ ആണെന്നുമറിയാം. പരസ്ത്രീ ബന്ധം നേരിൽ കണ്ടിട്ടും സ്വന്തം ഭാര്യയോടുപോലും തുറന്നു പറഞ്ഞിട്ടില്ല. ഇപ്പോഴും നല്ലൊരുതുക കടം വാങ്ങിയത് തരാനുണ്ട്. പലപ്പോഴും സ്വയം ചോദിച്ചിട്ടുണ്ട്- അലിയുടെ കാവൽക്കാരനായി എന്തിനു നിൽക്കുന്നു. ഒരേ കുടുംബത്തിൽനിന്ന് ഉത്ഭവിച്ചവരല്ലല്ലോ. ദാരിദ്ര്യത്തിൽ മുങ്ങിപ്പോയ കുടുംബങ്ങൾക്ക് താങ്ങും തണലുമായിട്ടാണ് ഞങ്ങൾ ഈ രാജ്യത്തേക്കു വന്നത്.

സുഖത്തിലും ദുഃഖത്തിലും ഒന്നിച്ചുറങ്ങിയും ഒന്നിച്ച് ഭക്ഷണംകഴിച്ചവരുമാണ്.

അതും നീണ്ടവർഷങ്ങൾ. ഭാര്യയല്ല ആരൊക്കെ പരിഹസിച്ചാലും എനിക്കവനെ ഒരു മിത്രമായിട്ടേ കാണാനാകൂ. റയിൽവേയിൽ ജോലി വാങ്ങിക്കൊടുത്തു. ഒടുവിൽ തന്നെപ്പറ്റി കൂടെ ജോലി ചെയ്യുന്നവരോട് പറഞ്ഞു. താൻ ഓഫീസിലിരുന്ന് കൈക്കൂലി വാങ്ങിച്ചാണ് ആൾക്കാരെ എടുക്കുന്നന്നതെന്ന്. ഏഷ്യയിൽ നിന്നുള്ളവരാണ് ഇതിനൊക്കെ ഇരയാകുന്നത്. അതിൽ ഒരാൾ ചോദിച്ചു.

"അലി എത്ര കൊടുത്തു?"

അതിനു മറുപടിയായി അലിയൊന്നു ചിരിച്ചു. മുഖത്തുണ്ടായ പതർച്ച വെളിപ്പെടുത്താതെ പറഞ്ഞു:

ശമ്പളം കിട്ടുമ്പോൾ കൊടുക്കാനുള്ള തീരുമാനമാണ്.

ആ വാക്കുകൾ അയാൾക്ക് ദുസഹമായി തോന്നി. എന്നിട്ടു പറഞ്ഞു:

"എടോ നന്ദിയില്ലായെങ്കിലും നന്ദികേട് പറയരുത്".

ആ അനുഭവത്തിലൂടെ അലി പരദൂഷണം അവസാനിപ്പിച്ചു. മക്കയിലെ പുണ്യസ്ഥലം കഴിഞ്ഞാൽ അടുത്തുള്ള പുണ്യാത്മാവ് അലിക്ക് ആന്റണി തന്നെയാണ്. ജീവിതത്തിൽ വിഷമങ്ങൾ വരുമ്പോൾ അലി ഓടിയെത്തും. ഇപ്പോൾ സ്വന്തം രക്തം തന്നെ പടക്കുള്ള ഒരുക്കങ്ങളാണ്. അതിനെ തടയിടാൻ ആന്റണിക്കേ കഴിയൂ. മറ്റാർക്കും കഴിയില്ല. ആന്റണിക്കാകട്ടെ രണ്ടുപേരും ഇടത്തും വലത്തുമുള്ള കരങ്ങൾപോലെയാണ്. ആരുടെ കൈയാണ് വെട്ടിമാറ്റേണ്ടത്. മാനസികമായ പീഡനം മനസിനെ ഉപദ്രവിക്കുന്നു. ഒടുവിൽ ആന്റണി ഒരു തീരുമാനത്തിലെത്തി. അബുവിനോട് ഒരിക്കൽകൂടി സംസാരിക്കണം.

ഭർത്താവിന്റെ മുഖത്തെ ഭാവപകർച്ച മേരി അവിശ്വസനീയതയോടെ നോക്കിയിരുന്നു. അവൾ ചോദിച്ചു:

"ആരാണ് നരബലിക്ക് യോഗ്യൻ. അലിയോ അതോ അബുവോ?"

ജീവിതത്തിലെ ഏറ്റവും വലിയ ഒരു ദുശകുനമായി ആ വാക്കുകൾ ഹൃദയത്തിൽ അലയടിച്ചു. ആരുടെ ഭാഗമാണ് മനസിനെ ആഴത്തിൽ സ്വാധീനിക്കുന്നത്. ആരെയാണ് മുക്കി കൊല്ലേണ്ടത്. ആന്റണി ഒന്നു തീരുമാനിച്ചു. ഞാൻ സ്നേഹിക്കുന്ന എന്റെ സ്നേഹിതനുവേണ്ടി അവസാനമായി അബുവിനോട് മാപ്പ് അപേക്ഷിക്കുക. മകനെ നിന്റെ ബാപ്പയോട് ക്ഷമിക്കുക. അവൻ പഴയ അലിയല്ല. അലി ഹാജീയാണ്. ആന്റണിയുടെ മനസ് ആശ്വാസം കൊണ്ടെങ്കിലും അലി പറഞ്ഞിട്ടുപോയ വാക്കുകൾ ഹൃദയഭിത്തികളിൽ പ്രതിധ്വനിച്ചുകൊണ്ടിരുന്നു. അവനെ ജീവനോടെ വെക്കില്ല എന്നു പറഞ്ഞത് അപ്പോഴുണ്ടായ ദേഷ്യം കൊണ്ടാണോ അതോ? കണ്ണുകൾ നിശ്ചലങ്ങളായി. ഇരുളിൽ തെളിയുന്ന വെളിച്ചംപോലെ ആന്റണി സ്വയം ചോദിച്ചു. ഇയാളുടെ ആരാണ് അബു? പിതാവാണോ?

അവർ മുറിക്കുള്ളിലേക്ക് തിരിയുമ്പോഴാണ് മുറ്റത്തേക്ക് കാർ വരുന്നത് കണ്ടത്.

മുഖമുയർത്തി നോക്കി.

അതിൽനിന്ന് സാനിയും ഡ്രൈവറുടെ സീറ്റിൽ നിന്ന് ഭാര്യ ഡയാനയും പുറത്തിറങ്ങി. രണ്ടുപേരെയും സ്നേഹ വാത്സല്യത്തോടെ ക്ഷണിച്ചു.

ഡയാന ഹായ് പറഞ്ഞിട്ട് ദൂരെ മാറിനിന്ന് ഒരു സിഗററ്റിനു തീ കൊളുത്തി. പുകചുരുളുകൾ വായുവിലമർന്നു. ഇവിടെ ജനിച്ചു വളർന്ന പെൺകുട്ടി. അസൽ മലയാളി. അമ്മ ബ്രിട്ടീഷ്. ആരെയും ആകർഷിക്കുന്ന കൊഴുത്തു തടിച്ച ശരീരം. മുടി ബോബ് ചെയ്ത് ചുണ്ടുകളിൽ ചെറിയ തോതിൽ ചുമന്ന നിറമുള്ള ചായം പൂശിയിട്ടുണ്ട്. നിക്കറും ബനിയനുമാണ് വേഷം. കണ്ണുകളിൽ കറുത്ത കണ്ണട. വെളുത്ത നിറം. പൂച്ച കണ്ണുകൾ. ആഡംബരത്തിനു ഒട്ടും കുറവ് വരുത്തിയിട്ടില്ല. മാറും മുലകളും മറ്റുള്ളവരെ ആകർഷിക്കുന്ന വിധം വശ്യത ആർജിച്ചുനിന്നു. ഒറ്റ നോട്ടത്തിൽ മദാമ്മ പെണ്ണ്. മദാമ്മയ്ക്ക് പിറന്നത് അതല്ലാതെ മറ്റാരാകാനാണ്?

മേരിക്കുള്ള ദേഷ്യം മറ്റൊന്നുമല്ല. എന്തിനാണ് ഇവൾ പകുതി മാറും മുലകളും മറ്റുള്ളവരെ കാണിക്കുന്നത്? വരുമ്പോഴൊക്കെ ഈ അസഹ്യത മേരിയുടെ കണ്ണുകളിൽ തെളിഞ്ഞുനിന്നു. പരാതി മകനോടോ അവളോടോ അല്ല. ഭർത്താവിനോടാണ്. ആന്റണി അതിനുള്ള മറുപടി പറയും.

“നീ എന്താ കരുതിയെ നിന്നെപ്പോലെ സാരിചുറ്റി അവൾ നടക്കണമെന്നാണോ? അവൾ ബനിയനും നിക്കറുമാണ് കുട്ടികളെപ്പോലെ ധരിച്ചിരിക്കുന്നത്. അതിലിത്ര തെറ്റ് എന്താണ്? മേയ് മാസമല്ലേ. നല്ല ചൂടാണ്. അവൾ മാത്രമല്ല, ഈ രാജ്യത്ത് തുണിയില്ലാതെ വീടുകളിൽ ഇരിക്കുന്നവരും നടക്കുന്നവരുമുണ്ട്”.

അത്രയും കേട്ടതോടെ മേരിയുടെ മുഖം മങ്ങി. എല്ലാം ചോദ്യങ്ങളും പരാതികളും പൊതിഞ്ഞുകെട്ടി ഭദ്രമായി മനസിൽ സൂക്ഷിച്ചു. മേരിയുടെ മനസിൽ നിറഞ്ഞുനിന്നത് അടുത്തേക്കു വന്ന മകനായിരുന്നു. പുത്രസ്നേഹം കഴിഞ്ഞൊഴുകി. ആ കവിളിൽ ചുംബിച്ചു. അപ്പനെയും കെട്ടിപ്പിടിച്ച് സ്നേഹം പങ്കുവച്ചു. ഡയാനയെ ചുംബിക്കാൻ മനസ് കൊതിച്ചെങ്കിലും അവൾ ഒരുഭാഗത്ത് മാറിനിന്ന് സിഗററ്റ് വലിക്കുന്ന സുഖത്തിലായിരുന്നു.

മേരി നിസഹായതയോടെ നോക്കി. നാലുമാസം ഗർഭിണിയാണ്. ഇവൾക്ക് ഈ സിഗററ്റ് വലി ഒന്നവസാനിപ്പിച്ചൂടെ. ചെറുപ്പം മുതലേ മാതാപിതാക്കളിൽനിന്നു ലഭിച്ച പരിശീലനമാണ് സിഗററ്റ് വലിയും വൈനും ബിയറും കുടിയും. ഇനിയും അതൊക്കെ നിർത്തണമെന്നു പറഞ്ഞാൽ നടക്കുന്ന കാര്യമല്ല.

നമ്മൾ വെറുക്കുന്നതിനെ അവർ ഇഷ്ടപ്പെടുന്നു. കുട്ടികളിൽ നന്മ വളർത്തേണ്ട മാതാപിതാക്കൾ അവരെ ഈ ദുശീലങ്ങൾ പഠിപ്പിക്കുന്നത് എന്തിനാണ്? മനുഷ്യന്റെ ഭൗതിക വളർച്ചയിൽ ഈ ദുശീലങ്ങൾ പുല്ലുപോലെ വളരുന്നത് എന്താണ്? പുല്ല് പശുവിലൂടെ പാലാകുന്നുവെങ്കിൽ ഈ സിഗററ്റും ലഹരിയിൽനിന്ന് എന്ത് പാലാണ് മനുഷ്യനു ലഭിക്കുക. എന്നിട്ടും എന്താണ് മരുമകൾക്കായി വിലകൂടിയ വൈൻ വാങ്ങിവയ്ക്കുന്നത്? അതിനു പ്രേരിപ്പിക്കുന്നത് ഒരമ്മയുടെ മൃദുലമായ വികാരമാണ്. മനസാണ്. അവൾ കുടിക്കുന്നത് ഇതൊക്കെയാണ്. അല്ലാതെ ചായയല്ല. എന്റെ മകൻപോലും അവളെ പ്രീതിപ്പെടുത്തുന്നത് അവളുടെ ആഗ്രഹങ്ങളാണ്. അവൻ ബോധപൂർവം അവന്റെ ദുഃഖങ്ങളെ മറച്ചുപിടിക്കുന്നു. ജീവിതത്തിലെ യഥാർത്ഥ സുഖം നാം അന്വേഷിക്കുമ്പോഴാണ് ലഭിക്കുന്നത്. ഒരു ഉത്തമ ഭർത്താവ് എപ്പോഴും ഭാര്യയുടെ ഇംഗിതങ്ങൾക്ക് വഴങ്ങുന്നവനാണ്. അതിന്റെ ദോഷവശങ്ങൾ എന്റെ കുട്ടി അനുഭവിക്കുന്നുണ്ട്.

ഈ ബന്ധത്തിനു ഏറ്റവും താല്പര്യം പ്രകടിപ്പിച്ചത് താനായിരുന്നു. സാമ്പത്തികമായി ഉയർന്നവർ. പലവിധ ബിസിനസുള്ളവർ. ഡയാനയുടെ അമ്മ ഗോൾസൻഫിൻസ് ആരോടും സ്നേഹത്തിൽ ഇടപെടുന്ന വ്യക്തി. ആരെയും സഹായിക്കാൻ മനസുള്ളവൾ. പള്ളിയുടെ വൈസ് പ്രസിഡന്റ് മലയാളിയായ ജോസ് തരകൻ പള്ളിയിലെ പാവങ്ങളെ കണക്ക് നോക്കാതെ സഹായിക്കുന്നവൻ. എല്ലാം ഹരിച്ചുഗുണിച്ച് നോക്കിയപ്പോൾ നല്ലൊരു ബന്ധം, നല്ലവരായ മനുഷ്യർ. ആന്റണി ആദ്യംമുതലേ ഈ ബന്ധത്തിനു എതിരായിരുന്നു. അവളുടെ അപ്പൻ മലയാളിയാണെങ്കിലും മകൾക്ക് നമ്മുടെ സംസ്കാരത്തെ ഉൾക്കൊള്ളാനാവില്ല. ആ കുട്ടിക്ക് മലയാളം ഒരുവാക്ക് പറയാൻ അറിയാമോ? കേരളത്തിൽനിന്നു പഠിക്കാനെത്തിയ ജോസ്തരകൻ സഹപാഠിയും സുന്ദരിയുമായ ഗോൾസൻ ഫീൽസുമായി പ്രണയം പങ്കുവച്ചു. അവർ ഭാര്യാഭർത്താക്കന്മാരെപ്പോലെ ജീവിച്ചു. ഗോൾസന്റെ സീനിയറായിരുന്ന ബോട്ടുമാനുമായുള്ള രഹസ്യബന്ധങ്ങളൊന്നും ജോസ് അറിഞ്ഞിരുന്നില്ല.

ബോട്ടിനാൽ ഗോൾസൻ ഗർഭം ധരിച്ചതും ജോസ് അറിഞ്ഞിരുന്നില്ല. വിവാഹം കഴിക്കാൻ ബോട്ടിനോട് ആവശ്യപ്പെട്ടെങ്കിലും ആ അപേക്ഷ ബോട്ട് തള്ളിക്കളഞ്ഞു. എല്ലാ വഴിയുമടഞ്ഞപ്പോൾ വ്യവസായ പ്രമുഖനായ ഗോൾസന്റെ പിതാവ് മകളുടെ ഗർഭത്തിനുത്തരവാദി ജോസെന്ന് തുറന്നു പറഞ്ഞു. ജോസിനും അതു തള്ളിക്കളയാനായില്ല. സ്വന്തം രക്തത്തെ ആർക്കാണ് തള്ളിക്കളയാനാവുക. കാമുകി സമ്പനന കുടുംബത്തിലെ വ്യക്തി കൂടിയായപ്പോൾ ജോസിനും ആ ബന്ധം ഏറെ ഇഷ്ടപ്പെട്ടു. ചതിയും വഞ്ചനയുമറിയാത്ത ജോസ് ചതിക്കുഴിയിൽവീണു. പഠിച്ചുകൊണ്ടിരിക്കെ ഗോൾസനെ വിവാഹം കഴിച്ചു. പഠനം കഴിഞ്ഞിറങ്ങിയ ജോസ് അവളുടെ പിതാവിന്റെ ഓഫിസ് ചുമതല ഏറ്റെടുത്തു. ജോസ് ഓഫിസിൽ പോകുന്ന തക്കംനോക്കി ഗോൾസൻ കാമുകൻമാരുമായി സ്വന്തം വീട്ടിൽ കാമലീലകൾക്ക് തുടക്കം കുറിച്ചു.

കാമുകൻ ബോട്ടും ഭരണരംഗത്തേക്ക് കുതിച്ചുകൊണ്ടിരുന്നു. ഗോൾസൻ സാമൂഹ്യസേവന രംഗത്തെ പ്രഗൽഭയെന്ന് ബോട്ടും മറ്റുള്ളവരെ ധരിപ്പിച്ചു. രാഷ്ട്രീയ രംഗത്തേക്ക് കടന്നുവരാൻ പല പ്രമുഖരും ഗോൾസനെ നിർബന്ധിച്ചു. ഗോൾസൻ അതനുസരിച്ചു. കൗൺസിലറായി. അടുത്ത

ഉന്നം മേയറാണ്. അവളുടെ നാറുന്ന ഗന്ധം സുഗന്ധങ്ങളായി പലരും ആശ്വദിച്ചു.

ജോസ് പഠിക്കാൻ മിടുക്കനായിരുന്നെങ്കിലും രു ദുർബലമനസിനുടമയായിരുന്നു. അത് ഗോൾസ നറിയാമായിരുന്നു.

"പാവം ജോസ് എന്റെ പൂച്ചക്കുട്ടിയല്ലേ... "

ഇടയ്ക്ക് ജോസ് പിണങ്ങുമ്പോൾ അവൾ സ്നേഹത്തോടെ വിളിക്കുന്നത് ഇങ്ങനെയാണ്.

മൂത്ത മകൾ മിന്റ് ഗുഡ്മാൻ അമ്മയുടെ പാതതന്നെ പിന്തുടർന്നു. കാമത്തിന്റെ അരുവികളും പുഴകളും അവൾ കീഴടക്കികൊണ്ടിരുന്നു. അവൾ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവളായി ഒരു കുട്ടിക്കൊപ്പം മറ്റൊരു വീട്ടിൽ താമസിക്കുന്നു. ഗോൾസന്റെ അവിഹിതബന്ധങ്ങളെപ്പറ്റി ഇന്നും ജോസിനറിയില്ല. ഒരു പ്രാവശ്യം അവളുമായി ജോസിന്റെ തിരുവല്ലായിലെ ഭവനത്തിൽ അവർ പോയിട്ടുണ്ട്. മകൻ ഒരു മദാമ്മ പെണ്ണിനെ വിവാഹം കഴിക്കുമെന്ന് ജോസിന്റെ വീട്ടുകാർ ഒരിക്കലും പ്രതീക്ഷിച്ചതല്ല. സംഭവിച്ചതിനെയോർത്ത് മകനെ കുറ്റപ്പെടുത്താനും അവർ തയാറായില്ല. ജോസിന്റെ വീട്ടുകാരെക്കാൾ ഗോൾസന് ഇഷ്ടപ്പെട്ടത് കേരളത്തിലെ  കടലും, പുഴകളും, ഹരിതവർണഭംഗിയെയൊക്കെയായിരുന്നു.

ഡയാന ജോസിന്റെ മകളാണ്. അതിനാലാണ് ഒരു മലയാളിയെകൊണ്ട് വിവാഹം കഴിപ്പിക്കാൻ തയാറായത്. ഗോൾസനും അതിന് എതിർപ്പ് പ്രകടിപ്പിച്ചില്ല. മകളുടെ കാര്യത്തിൽ ജോസും നിരാശനാണ്. അവളുടെ അമ്മയുടെ സ്വഭാവമാണവൾക്ക്. അവരിൽ എന്തോ ഒക്കെ പുകയുന്നുണ്ട്.

ദാമ്പത്യജീവിതം തകർന്നാൽ അവിടെ മറ്റൊന്നും കിളിർക്കില്ല. പുൽ തകിടി വെട്ടിമാറ്റിയാൽ അവിടെ പുല്ലുകൾ വീണ്ടും കിളിർക്കാറുണ്ട്. കുടുംബജീവിതം അതുപോലെയല്ലല്ലോ. ജീവിതത്തിൽ പ്രിയപ്പെട്ടതൊക്കെ സ്വന്തമാക്കിയപ്പോൾ പലതും നഷ്ടപ്പെട്ടു. ഇനിയും അതോർത്ത് എന്തിനു ദുഃഖിക്കണം. വാർധക്യകാലത്ത് ഗോൾസന്റെ മുഖത്തും നിരാശയാണ്. പ്രതീക്ഷിച്ചതുപോലെ ഒരു മേയറോ, എം.പി.യോ ആകാനായില്ല. യൗവനം മറ്റുള്ളവരുമായി ആസ്വദിച്ചത് വെറുതെയായി. പാഴായ മരം വെട്ടി തീയിലിടാനല്ലേ ഉപകരിക്കൂ.

ഗോൾസനൊപ്പം വികാരപറമ്പുകളിൽ ആടിപാടി നടന്ന പലരുടെയും ചിറകുകൾക്ക് ജീവനും ശക്തിയും നഷ്ടപ്പെട്ടു. അവരൊക്കെ പള്ളിപറമ്പുകളിലെ അന്തേവാസികളായി. ഗോൾസന്റെ ഉറക്കം അവർ നഷ്ടപ്പെടുത്തുന്നു. മണ്ണിനടിയിൽ കിടന്നിട്ടും അവർക്ക് ശാന്തി ലഭിച്ചില്ല. പല്ലിളിച്ച് അസ്ഥികൂടങ്ങളായി എഴുന്നേറ്റുവന്ന് കൂടെ കിടക്ക പങ്കിട്ടവരെ ഭയപ്പെടുത്തുന്നു. അവർ ജീവിച്ചിരിക്കുന്ന മനുഷ്യരെ രാത്രികാലം ഭയപ്പെടുത്തുന്നു. മണ്ണിനടിയിൽ ഉപവാസവും മണ്ണിനു മുകളിൽ ഉപദ്രവങ്ങളും തുടർന്നു. അവർ സമരവും ഉപദ്രവങ്ങളും നടത്തുന്നത് മണ്ണിനു മുകളിൽ ജീവിക്കാനാണ്. ഒടുവിൽ ദുരാത്മാക്കൾ സന്ധിസംഭാഷണത്തിനും ശാന്തിക്കുമായി കല്ലറക്കുള്ളിലെത്തി. അവർ കേണപേക്ഷിച്ചു നിങ്ങൾ എടുത്ത ആത്മാവിനെ മടക്കിത്തരൂ.

ഈ ശവകുടീരത്തിൽ നിന്നും ഞങ്ങളെ മോചിപ്പിക്കൂ. നിങ്ങളുടെ സ്വർഗവും നരകവും ഞങ്ങൾക്ക് വേണ്ട. ജീവിത സൗഭാഗ്യങ്ങളും സുവാസ കേന്ദ്രങ്ങളുമായ സിംഹാസനങ്ങളിലും അരമനകളിലും പാർക്കാനാണ് ഞങ്ങളുടെ ആഗ്രഹം.  ഈ പരിഷ്കൃത ശവക്കല്ലറയിൽ നിന്നും അപരിഷ്കൃതമായ പാലും തേനുമൊഴുകുന്ന നാട്ടിലേക്കു ഞങ്ങളെ കൂട്ടിക്കൊണ്ടു പോകൂ.

അവരുടെ ആവശ്യങ്ങൾ അംഗീകരിക്കപ്പെട്ടു. കല്ലറകളിൽനിന്നും ആത്മാവിന്റെ താവളങ്ങളിൽ നിന്നും അവർ പുറത്തുചാടി.

അവരുടെ യാത്ര ഗ്രാമങ്ങളിലേക്കല്ലായിരുന്നു.

നഗരങ്ങളിലേക്കായിരുന്നു.

ശത്രുതയും ശണ്ഠയും  മൂത്ത് കഴിയുന്ന വൻനഗരങ്ങളെ പൊളിക്കാൻ നഗര രാജാക്കൻമ്മാരുമായി അവർ ഉടമ്പടി ചെയ്തു. അരമനകളിൽ അവർ ഉല്ലാസഭരിതരായി അവർക്കൊപ്പം ജീവിച്ചു.

മനുഷ്യന്റെ തലച്ചോറിൽ പ്രേതാത്മാക്കൾ ഭരണം തുടങ്ങി.

അടുത്ത രാജ്യങ്ങളെ അവർ വെല്ലുവിളിച്ചു.

യുദ്ധങ്ങൾ അരങ്ങേറി.

എങ്ങും രക്തപ്രളയം.